പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1461

14/12/2012 - ൽ മറുപടിയ്ക്ക്

## ദേശീയ ഗ്രാമീണതൊഴിലുറപ്പു പദ്ധതി - മരണാനന്തരസഹായം

| ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ | | ഉത്തരം<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
|---|---|---|
| (എ) 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ജോലി ചെയ്യുന്ന തൊഴിലാളി അപകടത്തിൽ മരണപ്പെടുന്ന സംഭവങ്ങളിൽ മരണാനന്തര സഹായമായി എത്ര രൂപയാണു നൽകുന്നതെന്നു വ്യക്തമാക്കുമോ ; | (എ) | തൊഴിലുറപ്പ് പദ്ധതി പ്രവൃത്തിക്കിടയിൽ തൊഴിലാളിക്കോ അവരെ അനുഗമിക്കുന്ന കുട്ടിക്കോ മരണം/സ്ഥിരം അംഗവൈകല്യം സംഭവിച്ചാൽ 25000/- രൂപ എക്സ്-ഗ്രേഷ്യയായി നൽകുന്നു. |
| (ബി) ഇപ്പോൾ നൽകുന്ന മരണാനന്തര സഹായം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ ; | (ബി) | പരിഗണനയിലില്ല |
| (സി) തൊഴിലാളികൾക്ക് ജോലിസ്ഥലത്ത് വച്ചുണ്ടാകുന്ന അപകടങ്ങൾക്ക് ഇപ്പോൾ നൽകിവരുന്ന ചികിത്സാസഹായം എത്രയെന്നു വ്യക്തമാക്കുമോ ; | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തിയെടുക്കുന്ന തൊഴിലാളികൾക്ക് പ്രവൃത്തിസ്ഥലത്ത് പരിക്ക് പറ്റിയാൽ പ്രവൃത്തി സ്ഥലത്ത് വച്ച് തന്നെ പ്രഥമശുശ്രൂഷ നൽകുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ട്. പ്രഥമ ശുശ്രൂഷയ്ക്ക് ശേഷം ആവശ്യമെങ്കിൽ സൗജന്യ ആശുപത്രി ചികിത്സ, ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ദിവസങ്ങളിൽ പ്രസ്തുത വ്യക്തിയ്ക്ക് പ്രവൃത്തി സ്ഥലത്ത് തുടർന്നുള്ള ദിവസങ്ങളിൽ പണിയെടുത്തിരുന്നെങ്കിൽ കിട്ടുമായിരുന്ന കൂലിയുടെ പകുതിക്ക് തുല്യമായ തുക ദിനബത്ത എന്നിവ നൽകുന്നു. |

| | |
|---|---|
| (ഡി) ചികിത്സാ സഹായം വർദ്ധിപ്പിക്കുവാനും തൊഴിലിനിടയിൽ അപകടം സംഭവിച്ച് ചികിത്സയിൽ കഴിയുന്ന വേളയിലുള്ള ചികിത്സാ ചെലവുകൾ നൽകുവാനും നടപടി സ്വീകരിക്കുമോ ? | (ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലിനിടയിൽ അപകടം സംഭവിച്ച് ചികിത്സയിൽ കഴിയുന്ന വേളയിലുള്ള ചികിത്സാ ചെലവുകൾ തൊഴിലുറപ്പ് പദ്ധതിയിൽ നൽകുന്നുണ്ട്. ചികിത്സാ സഹായം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച വിഷയം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ